"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ലീഡ്സ് പദ്ധതി 2026-27 - കരാർ ജീവനക്കാരുടെ സേവന കാലാവധി 179 ദിവസത്തേക്ക് ദീർഘിപ്പിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (പിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.301/2026/AGRI തീയതി, തിരുവനന്തപുരം, 15-03-2026

പരാമർശം:-

1. 06/08/2010ലെ സ.ഉ(കൈ).നം 198/2010/AD.
2. 26/02/2016ലെ സ.ഉ. (പി) നം.28/2016/ധന.
3. 28/04/2017 സ.ഉ. (പി) നം..56/2017/ധന.
4. 21/07/2018ലെ സ.ഉ. (പി)നം.112/2018/ധന.
5. 09/07/2019ലെ സ.ഉ. (പി)നം.81/2019/ധന.
6. 11/01/2019ലെ 03/2019/ധന നമ്പർ സർക്കുലർ
7. 24.03.2019 ലെ തൊഴിലും നൈപുണ്യവും (ജി )വകുപ്പിന്റെ LBRD-G2/1/2019 നമ്പർ സർക്കുലർ
8. 30/08/2019ലെ സ.ഉ. (പി) നം. 119/2019/ധന.
9. 11/02/2021 ലെ സ.ഉ. (പി) നം. 29/2021/ധന.
10. 19.04.2025 ലെ സ.ഉ. (പി) നം. 54/2025/ധന.
11. 07.07.2025ലെ സ.ഉ. (സാധാ) നം. 686/2025/കൃഷി .
12. 27.01.2026 ലെ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ADFW/189/2026-ATMA നമ്പർ കത്ത്.

**ഉ ത്ത ര വ്**

കൃഷി വകുപ്പിനു കീഴിൽ പഞ്ചായത്തുകളിലെ മാതൃക കർഷകരെ കേന്ദ്രീകരിച്ച് കാർഷിക വിജ്ഞാപന വ്യാപനം സാധ്യമാക്കുന്ന ലീഡ്സ് പദ്ധതിയ്ക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകുകയും ആയത് നടപ്പാക്കുന്ന ഫീൽഡ് അസ്സിസ്റ്റന്റുമാരുടെയും, ടെക്നോളജി മാനേജർമാരുടെയും, ഡാറ്റ എൻട്രി ഓപ്പറേറ്ററുടെയും സേവനം പരാമർശം (11) പ്രകാരം 31.03.2026 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

2. ഫീൽഡ്തലത്തിൽ വിദഗ്ധ സേവനം നൽകുന്ന 93 ഫീൽഡ് അസ്സിസ്റ്റന്റുമാരുടെയും, ജില്ലാ തലത്തിൽ അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്ന 4 ടെക്നോളജി മാനേജർമാരുടെയും

സേവനം 2026-27 സാമ്പത്തിക വർഷവും ദീർഘിപ്പിച്ചു നൽകണമെന്ന് കൃഷി ഡയറക്ടർ പരാർശം (12) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദിവസവേതന/കരാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഉൾപ്പെടുത്തികൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (2) മുതൽ (10) വരെയുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കണമെന്നും, **സ്ഥിരപ്പെടുത്താൻ യാതൊരു അവകാശവാദവും ഉന്നയിക്കുന്നതല്ല എന്ന രേഖാമൂലമുള്ള ഉറപ്പ് വാങ്ങി സൂക്ഷിക്കണമെന്നും നിഷ്കർഷിച്ച്,** നിലവിലെ സേവനം അവസാനിക്കുന്ന 31.03.2026 തീയതി കഴിഞ്ഞ് തൊട്ടടുത്ത പ്രവർത്തി ദിവസം ഒരു ഇടവേള നല്കി 179 ദിവസത്തേക്കു മാത്രമായി ലീഡ്സ് (LEADS) പദ്ധതിയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന 93 ഫീൽഡ് അസിസ്റ്റന്റുമാരുടെയും 4 ടെക്നോളജി മാനേജർമാരുടെയും സേവന കാലാവധി ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. അതോടൊപ്പം പരാമർശം (7) പ്രകാരവും പി.എസ്.സി നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുള്ള നിയമനങ്ങളും സർക്കാർ സ്ഥാപനങ്ങളിലെ താല്ക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് വഴി നടത്തണമെന്ന് കർശന നിർദ്ദേശം നല്കിയിട്ടുള്ളതിനാൽ പ്രസ്തുത പദ്ധതിക്കായി ദിവസ വേതനാടിസ്ഥാനത്തിൽ താല്കാലിക ജീവനക്കാരെ വീണ്ടും ആവശ്യമുള്ള പക്ഷം മേൽ നിഷ്കർഷിച്ച 179 ദിവസത്തെ കാലാവധി അവസാനിക്കുന്നതിനു മൂന്ന് മാസം മുമ്പ് തന്നെ തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിക്കേണ്ടതും അതിനായി സർക്കാർ അനുമതിക്കായി ഫണ്ട് ലഭ്യത ഉറപ്പ് വരുത്തിക്കൊണ്ട് ശിപാർശ ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ സർക്കാരിന്റെ അനുമതിയില്ലാതെ ഒരു കാരണവശാലും നിയമന കാലാവധി ദീർഘിപ്പിച്ചു നല്കരുത്. താല്കാലിക നിയമനത്തിനായി ഭാവിയിൽ ശിപാർശ ലഭ്യമാക്കുമ്പോൾ തൊട്ട് മുമ്പ് നിയമന കാലാവധി ആരംഭിച്ചതും അവസാനിച്ചതുമായ തീയതികൾ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.ബി.അശോക്.ഐ.എ.എസ്
PRINCIPAL SECRETARY & APC

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ് / ആഡിറ്റ് II ) കേരള,
തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂസ് മീഡിയ).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (പിഎ2/ 8 /2026-കൃഷി).

ഉത്തരവിൻ പ്രകാരം

Signed by Megha. R
Date: 15-03-2026 15:29:49

സെക്ഷൻ ഓഫീസർ